# ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ്മയും അനുകൂലസമീപനവും ഉണ്ടായിരിക്കണം - മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി

പൊതുജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ്മയും അനുകൂലസമീപനവും അനിവാര്യമാണെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിൽ, ജനസമ്പർക്കപരിപാടിയുടെ സമാപനചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡിസംബർ 22ന് രാവിലെ 9.30നു തുടങ്ങിയ പരിപാടി ഡിസംബർ 23ന് പുലർച്ചെ 4.45 ഓടെയാണ് അവസാനിച്ചത്.

ജനസമ്പർക്കപരിപാടിയിൽ പൂർണമായ തീരുമാനം എടുക്കാത്ത പരാതികളിൽ ഏറ്റവും അനുകൂലമായി തീരുമാനമെടുക്കാൻ സർക്കാർ ശ്രദ്ധിക്കും. ഉദ്യോഗസ്ഥർ ജനങ്ങളുടെ പ്രശ്നങ്ങൾക്കൊപ്പം നിൽക്കാൻ താൽപര്യം കാണിച്ചിട്ടുണ്ട്. സർക്കാരിന്റെയും ഉദ്യോഗ സ്ഥരുടെയും ജനങ്ങളുടെയും കൂട്ടായ്മ ഭരണരംഗത്തു തെളിഞ്ഞു നിൽക്കുമെന്ന് മുഖ്യമന്ത്രി പ്രത്യാശിച്ചു.

എല്ലാ പരാതിക്കാരെയും നേരിട്ടു കണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധ ചെലുത്തി. നേരത്തേ ലഭിച്ച 30,960 അപേക്ഷകൾ കൂടാതെ ജനസമ്പർക്കപരിപാടി നടന്ന രണ്ടു ദിവസങ്ങളിലായി 35,000 ഓളം പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഏകദേശം 2.60 കോടി രൂപയുടെ ധനസഹായവും വിതരണം ചെയ്തതായി പുലർച്ചെ നടത്തിയ പ്രാഥമിക കണക്കെടുപ്പിൽ വ്യക്തമായിട്ടുണ്ട്.

വനം-കായിക-സിനിമ മന്ത്രി കെ.ബി.ഗണേഷ്കുമാർ, പി.സി. വിഷ്ണുനാഥ് എം.എൽ.എ., ജില്ലാ കളക്ടർ സൗരഭ് ജെയിൻ, ജില്ലാ പോലീസ് മേധാവി കെ.ജി. ജെയിംസ്, മുൻ എം.എൽ.എ.മാരായ എം. മുരളി, എ.എ. ഷുക്കൂർ, ത്രിതലപഞ്ചായത്ത് ജനപ്രതിനിധികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, വിവിധ വകുപ്പുദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.